പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1700 — 06.07.2015 ൽ മറുപടിയ്ക്ക്

ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ. പി. ഉബൈദുള്ള

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിയമത്തിന്റെ സാങ്കേതിക തടസ്സങ്ങളിൽപ്പെട്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് ആശ്വാസമായി നിയമങ്ങളിൽ കാലോചിത പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം നിയമങ്ങൾ ഭേദഗതി ചെയ്യുവെന്നും പുറപ്പെടുവിച്ച ഉത്തരവുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | എ) + ബി)<br>ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ചില നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതിവരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് മുഖേന "ജനപക്ഷ ചുവടുകൾ" എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ